"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തല പഞ്ചായത്ത് ദിനാഘോഷം 2021 - നടത്തിപ്പ് ചെലവിനും മറ്റ് ക്രമീകരണങ്ങൾക്കും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.191/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 23/01/2021

---

പരാമർശം:- 1 ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 07.01.2021 പകൽ 4.30 മണിക്ക് സെക്രട്ടേറിയറ്റ് അനക്സ് II ലയം ഹാളിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

2 പഞ്ചായത്ത് ഡയറക്ടറുടെ 21.01.2021-ലെ പി.എ.എൻ/13967/2020-ജി2(ഡി.പി) നമ്പർ കത്ത്.

**ഉത്തരവ്**

2021 വർഷത്തെ സംസ്ഥാന തല പഞ്ചായത്ത് ദിനാഘോഷം കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഫെബ്രുവരി 19-ാം തീയതി തിരുവനന്തപുരം ജില്ലയിൽ വച്ച വളരെ ലളിതമായ ചടങ്ങുകളോടെ നടത്തുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് ദിനാഘോഷത്തിന്റെ നടത്തിപ്പ് ചെലവുകൾക്കായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ രൂ. 5000 (അയ്യായിരം രൂപ) വീതം ജനറൽ കൺവീനറായ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ലഭ്യമാക്കുന്നതിനുള്ള അനുമതിയും ക്ഷണിക്കപ്പെടുന്ന പ്രതിനിധികൾക്കുള്ള (ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ്, സെക്രട്ടറി) യാത്രാനുമതി, നിയമാനുസൃത യാത്രാപ്പടി, താമസസൗകര്യത്തിനുള്ള ചെലവ് എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ വഹിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2021 ഫെബ്രുവരി 19-ാം തീയതി തിരുവനന്തപുരം ജില്ലയിൽ വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷത്തിന്റെ നടത്തിപ്പ ചെലവുകൾക്കായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ രൂ. 5000 (അയ്യായിരം രൂപ) വീതം ജനറൽ കൺവീനറായ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ലഭ്യമാക്കുന്നതിനുള്ള അനുമതിയും, ക്ഷണിക്കപ്പെടുന്ന പ്രതിനിധികൾക്കുള്ള (ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ്, സെക്രട്ടറി) യാത്രാനുമതി, നിയമാനുസൃത യാത്രാപ്പടി, താമസസൗകര്യത്തിനുള്ള ചെലവ് എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ വഹിക്കുന്നതിനുള്ള അനുമതിയും നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (എല്ലാ അച്ചടി, ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ